# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2778 21.06.2012 ൽ മറുപടിക്ക്**

**പരസ്യ ബോർഡുകൾക്കുള്ള നിയന്ത്രണങ്ങൾ**

**ചോദ്യം**

ശ്രീ. പി.എ. മാധവൻ:
ശ്രീ. കെ.അച്ചുതൻ:
ശ്രീ.ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത്വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡുകളും ബാനറുകളും നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡുകളും ബാനറുകളും കേരള ഹൈവേ സംരക്ഷണ ആക്ട് 1999 അനുസരിച്ച് കയ്യേറ്റങ്ങളുടെ നിർവചനത്തിൽ വരുന്നതാണ്. പ്രസ്തുത ആക്ടും, പൊതുമരാമത്ത് മാന്വലും പ്രകാരം, വാർഷിക പരിശോധന, റോഡ് മെയിന്റനൻസ് തുടങ്ങിയവയുടെ ഭാഗമായി ഇവ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പരസ്യ ബോർഡുകൾ സ്ഥാപിക്കാനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ബി) പുതുക്കിയ മാന്വൽ പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിയന്ത്രണങ്ങൾക്ക് വിധേയമായി നൽകുന്ന അനുമതി പ്രകാരം മാത്രമേ പരസ്യബോർഡുകൾ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ഇതിനായി നിശ്ചിത തുക

അടയ്ക്കേണ്ടതാണ്. ജംഗ്ഷനുകൾ, ട്രാഫിക് സൈൻ ബോർഡുകൾ, വളവുകൾ, പ്രധാന സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും നിശ്ചിത അകലം, ഡ്രൈവർമാരുടെ ശ്രദ്ധ തിരിയാനുള്ള സാദ്ധ്യത, അവരുടെ കാഴ്ച തടസ്സപ്പെടുത്താനുള്ള സാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് മാത്രമാണ് അനുമതി നൽകുന്നത്.

(സി) മാന്വൽ അനുസരിച്ചുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് എടുക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(സി) വ്യവസ്ഥകൾ ലംഘിച്ച് ബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ ഹൈവേ സംരക്ഷണ ആക്ട് പ്രകാരം ഫൈൻ ചുമത്തുന്നതും ബോർഡുകൾ നീക്കം ചെയ്യുന്നതും അതിനുള്ള ചെലവ് ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതുമാണ്. ഇതിനായി റവന്യൂ റിക്കവറി പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നിയമം അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ